***Registered Post with A/D***

**തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ**
**മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**

വിഷയം: മെ.വി.വ-ജീവനക്കാര്യം- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്ന നഴ്സിംഗ് ഓഫീസർ തസ്തികയിലുള്ളവരെ സേവനത്തിൽ നിന്നും പിരിച്ചുവിട്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:
1. സ.ഉ(അ) നം. 152/2020/ധന തീയതി. 05/11/2020
2. സർക്കുലർ നം.83/2020/ധന തീയതി. 30/12/2020
3. 21/09/2023 & 23/05/2024 എന്നീ തീയതികൾ നൽകിയ ഇതേ നമ്പർ പ്രകാരമുള്ള നോട്ടീസ്
4. 17/05/2024 & 31/08/2024 എന്നീ തീയതികൾ നൽകിയ ഇതേ നമ്പർ പ്രകാരമുള്ള കുറ്റപത്രം/കുറ്റാരോപണപത്രിക
5. ആർ.ഒ/537/എഫ്2/2024/ഐ & പി.ആർ.ഡി തീയതി.02/12/2024
6. സർക്കാർ കത്ത് നമ്പർ.H-M2/268/2024/HEALTH തീയതി.10/12/2024

**ഉത്തരവ് നമ്പർ ജെ2/4945 /2023മെ.വി.വ തീയതി: 28-03-2025**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ മെഡിക്കൽ കോളേജുകളിലും അനുബന്ധ സ്ഥാപനങ്ങളിലുമായി നഴ്സിംഗ് ഓഫീസർ /നഴ്സിംഗ് ഓഫീസർ ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തുവരവേ അനധികൃത അവധിയിൽ പ്രവേശിച്ചതും, കെ.എസ്.ആർ പാർട്ട് 1 അനുബന്ധം XIIA/XIIC എന്നിവ പ്രകാരം ശൂന്യവേതന അവധി അനുവദിച്ച് പ്രസ്തുത അവധി കാലയളവ് പൂർത്തിയായതിന് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാത്തതും ആയ നിരീക്ഷണകാല സേവനം (പ്രൊബേഷൻ) പൂർത്തീകരിച്ചതും, പൂർത്തിയാക്കാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതിനെ തുടർന്ന് സൂചന (3) പ്രകാരം നോട്ടീസ് നൽകുകയും ആയത് കൈപറ്റി 15 ദിവസത്തിനകം മെഡിക്കൽ വിദ്യാഭ്യാസ മേധാവിക്ക് മുൻപാകെ ഹാജരാകാൻ രജിസ്റ്റേഡ് തപാൽ മുഖേന അറിയിക്കുകയുണ്ടായി. തുടർന്നും ഹാജരാകാത്ത ജീവനക്കാർക്ക് അച്ചടക്കനടപടിയുടെ ഭാഗമായി സൂചന (4) പ്രകാരം കുറ്റപത്രം, കുറ്റാരോപണ മെമ്മോ എന്നിവ നൽകുകയും തുടർന്ന് 15 ദിവസത്തിനകം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിക്ക് മുൻപാകെ ഹാജരാകേണ്ടതാണെന്ന് കാണിച്ച് സൂചന (5) പ്രകാരം വീണ്ടും കാരണം കാണിക്കൽ നോട്ടീസ് പത്രമാധ്യമങ്ങൾ മുഖേന പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

| Sl No | Name | Designation | PEN | Name of Office | Unauthorised absent from which date |
|---|---|---|---|---|---|
| 1 | **Saranya S**<br>Vadakkeveliyil veedu<br>Asharamam Ward, Avalooku | Nursing Officer | 794754 | Govt. TD Medical College Alappuzha | 03.03.2022 |

| | | | | | |
|---|---|---|---|---|---|
| | nn P.O, Alappuzha -688006 | | | | |
| 2 | **Deepthi S V**<br>D/o. Selvaraj,<br>S V Bhavan,<br>H S Junction,<br>Aruvikkara P.O, Thiruvananthapuram | Nursing Officer | 809777 | GMCH , Thiruvananthapuram | 13.08.2023 |
| 3 | **Ajna S S**<br>D/o. Showkath Ali,<br>Ajas Manzil, Prayar South, Alumpeedika, Kollam | Nursing Officer | 798512 | GMCH , Thiruvananthapuram | 24.03.2022 |
| 4 | **Sreejith R**<br>Puthenvila Veedu<br>Punukkonnoor<br>Alummoddu P O<br>Kollam-691577 | Nursing Officer | Not Available | GMCH , Thiruvananthapuram | 17.08.2022 |
| 5 | **Silpa S U**<br>202 ward VI,<br>Lekshmi Bhavan<br>Thottakkadu Post, Kallambalam-695505, Thiruvananthapuram | Nursing Officer | 809761 | GMCH , Thiruvananthapuram | 16-09-2023 |
| 6 | **Divya C**<br>Velivilakathu Veedu<br>T.C.75/1992,Palli Lane,Pettah,TVPM-24 | Nursing Officer Gr I | 520529 | SATH Thiruvananthapuram | 04.03.2022 |
| 7 | **Nisha M**<br>Iqbal Nivas<br>Edavanassery<br>Mynagappally,Kollam-690519 | Nursing Officer | 808923 | SATH Thiruvananthapuram | 06-06-2023 |

സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൻറെയും സൂചന (2) പ്രകാരമുള്ള സർക്കാർ പരിപത്രത്തിൻറെയും അടിസ്ഥാനത്തിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII A, XII C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് 05/11/2020 മുതൽ പ്രാബല്യത്തിൽ പരമാവധി 5 (അഞ്ച്) വർഷമായിരിക്കും എന്നും അവധി കാലയളവ് തീരുന്ന മുറയ്ക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്ന എല്ലാ ജീവനക്കാരെയും കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII A, ചട്ടം 9/XII C, ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര

നടപടികൾ വകുപ്പ് മേധാവികൾ സമയബന്ധിതമായി സ്വീകരിക്കണം എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്ന നിരീക്ഷണകാല സേവനം പൂർത്തീകരിച്ച സബോർഡിനേറ്റ് സർവ്വീസിൽ ഉള്ള എല്ലാ ജീവനക്കാർക്കെതിരെയും - Rule 11 & 13 KCS & CCA പ്രകാരം അച്ചടക്കനടപടികൾ വകുപ്പ് മേലധികാരി/നിയമനാധികാരി തലത്തിൽ പൂർത്തീകരിക്കണമെന്ന് സൂചന (6) പ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട് .

ആരോഗ്യ വകുപ്പുപോലെയുള്ള അവശ്യസർവ്വീസ് മേഖലയിൽ വളരെ ഉത്തരവാദിത്തതോടെ ജോലി ചെയ്യേണ്ട ഇത്തരം ജീവനക്കാർ ജോലിയിൽ പ്രവേശിച്ചതിന് ശേഷം സർക്കാർ സേവനത്തെ തികഞ്ഞ ലാഘവത്തോടെ കാണുകയും അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും ഉളവാക്കുന്നതാണ്.

മേൽ സാഹചര്യത്തിൽ അനധികൃത അവധിയിൽ തുടരുന്ന മേൽപ്പറഞ്ഞ 07 നഴ്സിംഗ് ഓഫീസർ/നഴ്സിംഗ് ഓഫീസർ ഗ്രേഡ് I ജീവനക്കാരെ 1958-ലെ KS&SSR ചട്ടങ്ങളിലെ ഭാഗം 2 ചട്ടം 19 (i), 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 11 & 13 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ജോലിയിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടിയാളുകളുടെ പേരിൽ എന്തെങ്കിലും ബാധ്യതകൾ ഉണ്ടെങ്കിൽ ആയത് നിലവിലെ നിയമപ്രകാരം ഈടാക്കുന്നതാണ്.

Signed by
Thomas Mathew
Date: 28-03-2025 05:01:35

THOMAS MATHEW
DIRECTOR

സ്വീകർത്താവ്

മേൽ പറഞ്ഞ വ്യക്തികൾക്ക്

പകർപ്പ്:
1. പ്രിൻസിപ്പാൾ, ഗവ.മെഡിക്കൽ കോളേജ് തിരുവനന്തപുരം/ആലപ്പുഴ
2. സൂപ്രണ്ട്,ഗവ.എം.സി.എച്ച്ഗവ./എസ്.എ.റ്റി തിരുവനന്തപുരം/ഗവ.റ്റി.ഡി.എം.സി.എച്ച് ആലപ്പുഴ
3. കരുതൽ ഫയൽ